# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 127

04.12.2018 - ലെ
മറുപടിയ്ക്ക്

## ആർ. കെ. വി. വൈ - റഫ്താർ സ്കീം

**ചോദ്യം**

ശ്രീ. കെ.ബി.ഗണേഷ് കുമാർ.
ശ്രീ. ~~കെ. കൃഷ്ണൻ കുട്ടി~~
ശ്രീ.കോവൂർ കുഞ്ഞുമോൻ.
ശ്രീ. സി.കെ. നാണു.

**ഉത്തരം**

ശ്രീ. വി.എസ്. സുനിൽ കുമാർ
( കൃഷി വകുപ്പ് മന്ത്രി)

(എ) ആർ.കെ.വി.വൈ- റഫ്താർ സ്കീം പ്രകാരം കേരളത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(എ) ആർ.കെ.വി.വൈ - റഫ്താർ സ്കീം പ്രകാരം കേരളത്തിന് **2017-2018 - ൽ 8583.9** ലക്ഷം രൂപയും, **2018-2019 - ൽ** നാളിതു വരെ **7925** ലക്ഷം രൂപയും താഴെ പറയും പ്രകാരം ലഭിച്ചിട്ടുണ്ട്.

| *തുക ലക്ഷത്തിൽ* | | | |
|---|---|---|---|
| സാമ്പത്തിക വർഷം | ലഭിച്ച കേന്ദ്ര വിഹിതം | ലഭിച്ച സംസ്ഥാന വിഹിതം | ആകെ |
| **2017-2018** | **5150** | **3433.9** | **8583.9** |
| **2018-2019** | **6197** | **1728** | **7925** |

(ബി) ഏതെല്ലാം തരം പ്രവൃത്തികൾക്കാണ് ഈ തുക ഉപയോഗപ്പെടുത്താവുന്നത് ;

(ബി) കൃഷിക്ക് വേണ്ടിയുള്ള ഉത്പാദനോപാധികൾ, അടിസ്ഥാന സൗകര്യ വികസനം, ആസ്തി സൃഷ്ടിക്കൽ, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ, കാർഷിക - അനുബന്ധ മേഖലകളിൽ പ്രാദേശിക ആവശ്യങ്ങൾക്കായുള്ള പ്രോജക്ടുകൾ, കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്ത പ്രശ്നാധിഷ്ഠിത മേഖലകളുടെ വികസനത്തിനായുള്ള പ്രോജക്ടുകൾ,

| | | | |
|---|---|---|---|
| | | | കാർഷിക മേഖലയിൽ നൂതന കാർഷിക സംരംഭങ്ങൾക്കായുള്ള പ്രോജക്ടുകൾ എന്നിവയ്ക്കാണ് ഈ തുക വിനിയോഗിക്കുന്നത്. |
| (സി) | പദ്ധതി നടത്തിപ്പിന്റെ നിലവിലെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ ? | (സി) | **2017-2018** ൽ **57** പ്രോജക്ടുകൾക്കായി **17** ഏജൻസികൾ മുഖേന **85.839** കോടി രൂപ നൽകുകയുണ്ടായി. **2018-2019** ൽ നാളിതുവരെ **37** പ്രോജക്ടുകൾക്കായി **11** ഏജൻസികൾ മുഖേന **79.25** കോടി രൂപ നൽകുകയുണ്ടായി. ടി പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ